MONDAY

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

02-08-2021

## എഫ് ഐ ബി കാർഷികവാർത്തകൾ - FIB FARM NEWS

1. ജലസേചനത്തിനായി സാമൂഹ്യാടിസ്ഥാനത്തിൽ ജലസംഭരണികൾ/ കുളങ്ങൾ/പ്ലാസ്റ്റിക് ലൈനിങ്ങോടുകൂടിയ റിസർവോയറുകൾ എന്നിവ നിർമ്മിക്കുന്നതിന് എം ഐ ഡി എച്ച് പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു. സ്വകാര്യ സംരംഭകർ, കർഷകർ, എന്നിവർക്ക് ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ രജിസ്റ്റേർഡ് എഞ്ചിനീയറുടെയോ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെയോ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ ധനസഹായം നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. പാലോട്ട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ ക്ലാസിക്കൽ സ്വൈൻ ഫീവർ എന്ന രോഗത്തിനെ പ്രതിരോധിക്കുന്നതിനുള്ള വാക്സിൻ ലഭ്യമാണെന്ന് സ്ഥാപനം മേധാവി അറിയിക്കുന്നു. പന്നികളെ വളർത്തുന്ന കർഷകർക്ക് ആവശ്യമുള്ള പക്ഷം പതിനഞ്ച് ഡോസ് വാക്സിന് 788 രൂപ എന്ന നിരക്കിൽ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയോ അടുത്തുള്ള മൃഗാശുപത്രി വെറ്ററിനറി സർജൻ മുഖാന്തിരം വാക്സിൻ സൗജന്യമായി ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ - 9447269909, 0472-2840262

**പരിശീലന പരിപാടികൾ**

1. സമേതി കേരളയുടെ ആഭിമുഖ്യത്തിൽ നാളെ (03-ന്) **പാൽ ഗുണനിലവാരവും ഭക്ഷ്യസുരക്ഷയും** ഈ മാസം 04-ന് **കൃഷിയിടങ്ങളിലെ എലിയുടെ നിയന്ത്രണം** എന്നീ വിഷയങ്ങളിൽ സമേതി കേരളയുടെ ഫെയ്സ്ബുക്ക് പേജിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2740440** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"ഓമനമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണവും രോഗനിയന്ത്രണവും"** എന്ന ഓൺലൈൻ പരിശീലന പരിപാടിയിൽ ഇന്ന് (2-8-21) വൈകുന്നേരം 5 മണിക്ക് **അരുമമൃഗങ്ങളുടെയും പക്ഷികളുടെയും പൊതുവായ പരിപാലനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 999 521 3500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് **9446714462** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടക.

4. ഹോർട്ടികോർപ്പ് ബീ കീപ്പിംഗ് ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 3,4,5 തീയതികളിൽ കരൂർ കൃഷഭവൻ പരിധിയിൽ വച്ച് തേനീച്ച പരിശീലന ക്ലാസ്സ് നടത്തുന്നു. കാർഷിക ഉത്പാദനക്ഷമതയ്ക്ക് തേനീച്ച പരിപാലനം എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ കർഷകർ, വനിതകൾ എന്നിവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനുമായി **9447910989** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം ഇന്ന് രാവിലെ (02.08.21) **മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ-പാൽ പിരിച്ചുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇന്ന് രാവിലെ 11 മണിക്ക് https://meet.google.com/iff-xwbj-kqe എന്ന ഗൂഗിൾമീറ്റ് ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് ആഗസ്റ്റ് 03, 04 തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്'

നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

7. **കാർഷിക സർവ്വകലാശാല നൽകുന്ന വിളപരിപാലന നിർദ്ദേശങ്ങൾ**

പയറിലെ മുഞ്ഞയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

8. **വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ**

നനവുള്ള പ്രതലത്തിൽ വളർത്തുന്ന പെണ്ണാടുകളിൽ സ്റ്റഫൈലോകോക്കസ് ബാക്ടീരിയ രോഗബാധ മൂലം അകിടിൽ കുരുപ്പ് കണ്ടു വരുന്നു. ആട്ടിൻ കുട്ടികളിലെ പൊക്കിൾ കൊടി വീക്കം സന്ധി വീക്കം എന്നിവയും വൃത്തിഹീനമായ നനവുള്ള കൂടുകളിൽ വളർത്തുന്നവയിൽ കൂടുതലായി കാണുന്നു. ആയതിനാൽ കൂട്ടിനുള്ളിൽ വെള്ളം കയറാതെയും ഈർപ്പം കൂടാതെയും സൂക്ഷിയ്ക്കുക. ആട്ടിൻ കൂടുകൾ തറ നിരപ്പിൽ നിന്നും ഒന്നു മുതൽ ഒന്നര മീറ്റർ വരെ ഉയരത്തിലായിരിക്കുന്നത് രോഗബാധ ഒഴിവാക്കുവാൻ സഹായകമാകും.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**